**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1286** **03-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-നാവായിക്കുളം ഗ്രീൻഫീൽഡ് ഔട്ടർ റിങ് റോഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനത്തിനും തലസ്ഥാനത്തെ ഗതാഗത വികസനത്തിനും ഒരു പോലെ ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്ന നിർദ്ദിഷ്ട "വിഴിഞ്ഞം നാവായിക്കുളം ഗ്രീൻഫീൽഡ് ഔട്ടർ റിങ് റോഡ് (എൻ. എച്ച്-866)" പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് (വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ) പദ്ധതി അന്തിമ അനുമതി നൽകുന്നത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പരിഗണയിൽ ആണ് എന്നും, മുൻഗണന ക്രമവും ഫണ്ട് ലഭ്യതയും പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതാണ് എന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രിയുമായി ബഹു. മുഖ്യമന്ത്രി നടത്തിയ ചർച്ചകൾ പദ്ധതി നടത്തിപ്പിന് പ്രതീക്ഷ നൽകുന്നതാണോ; | (ബി) | ഔട്ടർ റിംഗ് റോഡ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ ശ്രമങ്ങളുമായി മുന്നോട്ടു പോകുകയാണ്.ഔട്ടർ റിംഗ് റോഡ് പദ്ധതിക്കായി സംസ്ഥാന സർക്കാരിന്റെ ധനപരമായ പങ്കാളിത്തത്തിന് തീരുമാനം എടുത്തിട്ടുണ്ട്. അംഗീകരിക്കപ്പെട്ട വ്യവസ്ഥകൾ പ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ സർവീസ് റോഡുകൾ ഉൾപ്പെടെ 45 മീറ്റർ വീതിയിൽ ഔട്ടർ റിംഗ് റോഡ് വികസിപ്പിക്കുന്നതിനായി സ്ഥലമേറ്റെടുക്കു ന്നതിന്റെ 50% തുകയും, സർവീസ് റോഡുകളുടെ നിർമ്മാണത്തുകയും പൂർണമായും സംസ്ഥാന സർക്കാർ നൽകും. കൂടാതെ നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവയിൽ നിന്നുള്ള വരുമാനം സംസ്ഥാന സർക്കാർ വേണ്ടെന്ന് വയ്ക്കേണ്ടതുമുണ്ട്. ഇത് മൂലം സംസ്ഥാനത്തിന് ഏകദേശം 1629.24 കോടി രൂപയുടെ ബാധ്യത ഉണ്ടാകും.<br><br>സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിന് ശേഷവും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ ഈ വിഷയം സെക്രട്ടറി തലത്തിലും, ചീഫ് സെക്രട്ടറി തലത്തിലും കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽ |

| | | | |
|---|---|---|---|
| | | | പെടുത്തിയിരുന്നു. 2024 ഡിസംബറിലും, 2025 കഴിഞ്ഞിട്ടും ജൂൺ മാസത്തിലും, 2025 ഒക്ടോബർ മാസത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ നേരിട്ട് സന്ദർശിച്ച് ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് അനുമതി ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയിരുന്നു. |
| (സി) | നിർദ്ദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്താതെയും പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെയും ടണലുകളിലൂടെയും ഫില്ലറുകളിലൂടെയും റോഡ് നിർമ്മിക്കാൻ കഴിയുമെന്ന നിഗമനത്തിൽ ദേശീയപാത അതോറിറ്റി എത്തിച്ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് ദേശീയപാത 66 ൽ പലഭാഗങ്ങളിലുമുണ്ടായ തകരാറുകൾ പരിഗണിച്ച്, ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് മുഖേന വിശദമായ പഠനം നടത്താൻ വിദഗ്ധ ഏജൻസിയെ ചുമതലപ്പെടുത്തിയതായി NHAI അറിയിച്ചിട്ടുണ്ട്. അപകടസാധ്യതയുള്ള ഉയർന്ന കട്ടിംഗ് (High Cutting) മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള അനുയോജ്യമായ പരിഹാരങ്ങൾ സാധ്യമാണോ എന്ന് പരിശോധിക്കാൻ M/s Frontier Geo Services Pvt. Ltd. നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. റിപ്പോർട്ട് ദേശീയപാത അതോറിറ്റി പരിഗണിച്ച് വരുന്നു. പദ്ധതിയുടെ പാരിസ്ഥിതിക അനുമതി കേന്ദ്രവനം പരിസ്ഥിതി മന്ത്രായലയത്തിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട് |
| (ഡി) | ഏതെല്ലാം താലൂക്കുകളെയും വില്ലേജുകളെയും ബന്ധിപ്പിച്ചുകൊണ്ടാണ് റിങ് റോഡ് കടന്നുപോകുന്നത്; ഇതിനായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരും; | (ഡി) | ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനായി ഏകദേശം 360 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരും. 24 വില്ലേജുകളിൽ നിന്ന് 291.80 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3എ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 100.86 ഹെക്ടറിന് 3ഡി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. 3എ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച വില്ലേജുകളുടെയും താലൂക്കുകളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയ്ക്ക് അനുമതി നൽകുമെന്ന് കേന്ദ്രമന്ത്രി സംസ്ഥാനത്തിന് ഉറപ്പ് നൽകിയിരുന്നോ; പ്രവർത്തനാനുമതി നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഇ) | സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിന് ശേഷവും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ വിഷയം നിരവധി തവണ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. അനുമതിക്കുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ തുടരുകയാണ് |

സെക്ഷൻ ഓഫീസർ

Annexure 01

| Sl No | Village | Taluk |
|---|---|---|
| 1 | Navaikulam | Varkala |
| 2 | Kudavoor | |
| 3 | Karavaram | Chirayinkeezhu |
| 4 | Vellallore | |
| 5 | Nagoor | |
| 6 | Koduvezhunoor | |
| 7 | Kilimanoor | |
| 8 | Pulimath | |
| 9 | Vattapara | Nedumangadu |
| 10 | Thekkada | |
| 11 | Manikkal | |
| 12 | Pullampara | |
| 13 | Vamanapuram | |
| 14 | Aruvikara | |
| 15 | Karakulam | |
| 16 | Nedumangad | |
| 17 | Venganore | Thiruvananthapuram |
| 18 | Vizhinjam | Neyyattinkara |
| 19 | Balaramapuram | |
| 20 | Pallichal | |
| 21 | Malayinkeezhu | Kattakada |
| 22 | Maranalloor | |
| 23 | `Kulathummal | |
| 24 | Vilappil | |